# JOINT FORUM OF KGB UNIONS

(KGBEU/KGBOU - KGBSA/KGBOC - KGBEA/KGBOA - KGBWO/KGBOO)

Kerala Gramin Bank: Head Office, KGB Towers
AK Road, Malappuram

**സർക്കുലർ 02/2022** **08/06/2022**

## കരാർ ലംഘിച്ച് മാനേജ്മെന്റ് ജീവനക്കാരെ വെല്ലുവിളിക്കുന്നു
## ഇനി ധർമ്മ യുദ്ധത്തിന്റെ നാളുകൾ

മാനേജ്മെന്റ് ജീവനക്കാരുടെ മേൽ സമരം അടിച്ചേൽപ്പിച്ചിരിക്കുന്നു. വികസനക്കുതിപ്പിന്റെ പാതയിൽ നിന്ന് സ്ഥാപനത്തെ പിന്നോട്ട് നയിക്കുന്ന നിലപാടുകളാണ് ദൗർഭാഗ്യവശാൽ ബാങ്കിന്റെ ഭരണാധികാരികൾ കൈക്കൊണ്ടിരിക്കുന്നത്. 10.02.2022 ന് ഈ ബാങ്കിലെ മുഴുവൻ ജീവനക്കാരുടെ സംഘടനകളുമായി നടന്ന മാരത്തോൺ ചർച്ചക്കൊടുവിൽ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള വളർച്ചയെ മുൻ നിർത്തി ഒപ്പു വച്ച കരാറിന്റെ വ്യവസ്ഥകൾ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തതായിരുന്നു.

1. മിത്രാ മാൻപവർ കമ്മിറ്റി അനുശാസിക്കുന്ന രീതിയിൽ വേക്കൻസികൾ നിർണയിച്ച് നിയമനം നടത്തും.

2. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ ഡയറക്ടർ ബോർഡിന്റെ പരിഗണനക്ക് വെക്കും.

3. നടത്തിക്കഴിഞ്ഞ BC നിയമനങ്ങൾ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉൾച്ചേർക്കലിന്റെ ഭാഗമായി മാത്രം നില നിർത്തും.

ഇവയായിരുന്നു കരാറിന്റെ അസ്സൽ. കരാർ ഒപ്പിടുമ്പോൾ BC സംബന്ധിച്ച് സംഘടനകളുടെ നിലപാടിൽ മാറ്റമുണ്ടാവില്ല എന്നും അതിനെതിരായ പ്രചാരണ പ്രവർത്തനങ്ങൾ ശക്തമായി തുടരും എന്നും നാം മാനേജ്മെന്റിനെ അറിയിച്ചിരുന്നു. ജീവനക്കാരുടെ എണ്ണത്തിൽ വന്നു കൊണ്ടിരിക്കുന്ന കുറവ് ദിനംപ്രതി രൂക്ഷമാവുകയും ശാഖകളുടെ പ്രവർത്തനങ്ങൾ അവതാളത്തിലാവുകയും ചെയ്യുന്ന അവസ്ഥ വ്യാപകമായി തുടരുന്നു. ജനറൽ ട്രാൻസ്ഫർ പ്രക്രിയ പൂർത്തിയായിട്ടും ശാഖകളിൽ മതിയായ രീതിയിൽ ജീവനക്കാരെ വിന്യസിക്കാനാവാതെ HR വിംഗ് മേലോട്ട് നോക്കിയിരിക്കുന്നു. ജനറൽ ട്രാൻസ്ഫർ അവസാനിച്ചിടത്ത് ജീവനക്കാരുടെ ബുദ്ധിമുട്ട് വലിയ നിലക്ക് വർദ്ധിച്ചപ്പോൾ അവിടെ ടെമ്പററി ട്രാൻസ്ഫറിന്റെ തിരശീല ഉയർത്തേണ്ടി വന്നു. ജീവനക്കാർക്ക് സൗകര്യപ്രദമായ ട്രാൻസ്ഫർ ആണ് നടത്തുന്നതെങ്കിൽ ഒരു വ്യവസ്ഥപ്രകാരം ചെയ്യുന്നതിന് നാം എതിരല്ല എന്നാൽ, ദൂരെ നിന്ന് എടുത്തെറിയപ്പെട്ട ജീവനക്കാരെ വീണ്ടും എടുത്തെറിയുന്ന സ്ഥിതിവിശേഷവും സംജാതമായിരിക്കുന്നു. ഇതെല്ലാം ഒരേ അസുഖത്തിന്റെ വിവിധ ലക്ഷണങ്ങളായേ നമുക്ക് കാണാനാകൂ. ഈ സ്ഥാപനത്തിന്റെ ശരിയായ വളർച്ചക്കും വികാസത്തിനും വേണ്ട ജീവനക്കാരെ നിയമിക്കുന്നതിൽ മാനേജ്മെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ബ്രാഞ്ചുകളിൽ സന്ദർശനം നടത്തുന്ന ചെയർമാൻ അടക്കമുള്ള ഉന്നതാധികാരികളുടെ മുന്നിൽ ഈ ദയനീയ ചിത്രം വെളിപ്പെടുമ്പോഴും നിർവികാരതയും നിരുത്തരവാദിത്തവും ഒത്തു ചേർന്ന നിശ്ചലതയാണ് മാനേജ്മെന്റ് പ്രകടിപ്പിക്കുന്നത്. വലിയ തോതിലുള്ള മൂലധന നിക്ഷേപം ലഭ്യമായ പശ്ചാത്തലത്തിൽ വളർച്ചയുടെ ഉന്നതിയിലേക്ക് സ്ഥാപനത്തെ ഉയർത്തേണ്ടുന്ന ഒരു ഘട്ടത്തിൽ പിന്തിരിപ്പൻ നയങ്ങളുടെ വായ്പ്പാട്ടുകാരായി മാനേജ്മെന്റ് അധഃപതിക്കുന്നത് പൊതുസമൂഹത്തോടും വിശിഷ്യാ ഓഹരി വിഹിതം നൽകി സ്ഥാപനത്തിന് സമയ ബന്ധിതമായ സഹായം നൽകിയ ഓഹരി ഉടമകളോടും ഉള്ള വെല്ലുവിളിയായെ കാണാനാകൂ.

06.06.2022 നു നടന്ന ബോർഡ് മീറ്റിങ്ങിനു മുന്നോടിയായിത്തന്നെ സംഘടനകളുടെ സംയുക്ത നേതൃത്വം ഡയറക്ടർ ബോർഡ് അംഗങ്ങളുമായി നേരിട്ട് ചർച്ച നടത്തുകയും ബാങ്കിന്റെ ദയനീയമായ അവസ്ഥ അവരുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്തിരുന്നു. ഈ ബാങ്കിനെ സംബന്ധിച്ച ഏതൊരു മുഖ്യമായ വിഷയത്തിലും അന്തിമ തീരുമാനമെടുക്കേണ്ട ഡയറക്ടർ ബോർഡിനെ നോക്കുകുത്തിയാക്കി നിയമന കാര്യത്തിൽ ഉണ്ടാക്കിയ ഉറപ്പിനെ നഗ്നമായി അട്ടിമറിക്കുകയാണ് മാനേജ്മെന്റ് ചെയ്തിട്ടുള്ളത്. ബോർഡ് മീറ്റിങ്ങിന്റെ അന്നേ ദിവസം തന്നെ IBPS വേക്കൻസികൾ നോട്ടിഫൈ ചെയ്യുമ്പോൾ അതിന്റെ പിന്നിൽ നടന്ന അന്തർ നാടകങ്ങളും അട്ടിമറികളും പകൽ പോലെ വ്യക്തമാകും. താൽക്കാലിക ജീവനക്കാരുടെ വിഷയത്തിൽ കൃത്യമായ ഒരു തീരുമാനം മാനേജ്മെന്റ് ഭാഗത്തു നിന്നും ഇത് വരെ പുറത്ത് വന്നിട്ടില്ല. IBPS നോട്ടിഫിക്കേഷനിൽ 61 ക്ലർക്ക്, 84 അസിസ്റ്റൻറ് മാനേജർ, 102 മാനേജർ എന്നിങ്ങനെയാണ് വേക്കൻസി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ യഥാർത്ഥ വേക്കൻസി ഇതിനേക്കാൾ എത്രയോ വലുതാണ്. 880 ക്ലർക്കുമാരും 1035 ഓഫീസർമാരും ആവശ്യമുള്ളിടത്താണ് ഈ തുഗ്ലക്കിയൻ പരിഷ്കാരങ്ങളുമായി മാനേജ്മെന്റ് മുന്നോട്ട് പോകുന്നത്. ഇതു വഴി മാനേജ്മന്റ് ഈ സ്ഥാപനത്തിന്റെ മുഖത്താണ് കാർക്കിച്ചു തുപ്പിയിരിക്കുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് പ്രക്ഷോഭത്തെത്തുടർന്ന് സംഘടനകളുമായി ഉണ്ടാക്കിയ കരാർ ലംഘിച്ച മാനേജ്മെന്റിന്റെ നിലപാട് കേൾക്കുന്നതിനായി, IBPS നമ്മുടെ ബാങ്കിലെ വേക്കൻസി പ്രഖ്യാപിച്ചതിന്റെ തൊട്ടടുത്ത ദിവസം സംഘടനാ നേതാക്കൾ ചെയർമാനെ കണ്ടത്. എന്നാൽ, ജീവനക്കാരെ മുഖവിലക്കെടുക്കാത്ത സമീപനമാണ് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായത്. സമരത്തെത്തുടർന്ന് ഉണ്ടാക്കിയ കരാർ നടപ്പിലാക്കണമെന്നും ബാങ്കിൽ സമാധാനത്തിന്റെ അന്തരീക്ഷം നിലനിർത്തണമെന്നും സംഘടനാ നേതൃത്വം പലതവണ അഭ്യർത്ഥിച്ചു എങ്കിലും ഈ വർഷം കഴിയാതെ റിക്രൂട്ട്മെന്റ് വിഷയത്തിൽ പുതുതായി ഒന്നും ചെയ്യാൻ കഴിയില്ല എന്നാണ് ചെയർമാൻ പ്രതികരിച്ചത്. ജീവനക്കാരുടെ ഭാഗത്തുനിന്നും ശക്തമായ പ്രതിഷേധം ഉണ്ടെന്നും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനോ ജീവനക്കാർക്ക് അത്യാവശ്യഘട്ടങ്ങളിൽ അവധി എടുക്കുന്നതിനോ പോലും സാഹചര്യമില്ലാത്ത അവസ്ഥ ചൂണ്ടിക്കാട്ടി പ്രക്ഷോഭത്തിലേക്ക് പോവുകയല്ലാതെ ജീവനക്കാർക്ക് മുമ്പിൽ ബാങ്കിനെ സംരക്ഷിക്കാൻ മറ്റു മാർഗമില്ല എന്നു പറഞ്ഞ സംഘടനാ പ്രതിനിധികളോട് തീർത്തും മുഖം തിരിക്കുന്ന സമീപനമാണ് ചെയർമാൻ കാട്ടിയത്. ആയതിനാൽ ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ശക്തമായ പ്രക്ഷോഭത്തിലേക്ക് നാം നീങ്ങുകയാണ്. അതിന്റെ ആദ്യപടി എന്ന നിലയിലാണ് നാം സമ്പൂർണ്ണ നിസ്സഹകരണം പ്രഖ്യാപിച്ചിരിക്കുന്നത്. ഹെഡ് ഓഫീസിലെ ജീവനക്കാർ ചെയർമാന്റെ സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തുകയും നിസ്സഹകരണവുമായി ബന്ധപ്പെട്ട നോട്ടീസ് ചെയർമാന് നൽകുകയും ചെയ്തു. ഇന്ന് മുതലാണ് നിസ്സഹക

രണം ആരംഭിക്കുന്നത്. സ്പോൺസർ ബാങ്കിന്റെ ഉന്നത കേന്ദ്രങ്ങളിൽ നടക്കുന്ന അട്ടിമറി നീക്കങ്ങളുടെ ബലിയാടുകളാവാനുള്ളതല്ല ഈ സ്ഥാപനവും ഇവിടുത്തെ ജീവനക്കാരും. അത് കൊണ്ട് തന്നെ ഈ സമരം മാനേജ്മെന്റ് ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിച്ച സമരമാണ്. ഇതിന്റെ ഉത്തരവാദി മാനേജ്മെന്റ് മാത്രമാണ്. ജീവനക്കാരെ കോൺസെൻട്രേഷൻ ക്യാമ്പുകളിലേക്ക് തള്ളിയിടുകയും ഒപ്പം ബാങ്കിന്റെ ഉന്നതാധികാര ശ്രേണിയിലേക്ക് ജനറൽ മാനേജർമാരെ ഇറക്കുമതി ചെയ്തു കൊണ്ട് തലതിരിഞ്ഞ നയങ്ങൾക്ക് പരവതാനി വിരിക്കുകയും ചെയ്യുന്ന വിരോധാഭാസവും ഇവിടെ അരങ്ങേറിക്കൊണ്ടിരിക്കുന്നു. സാങ്കേതികത്തികവുള്ള ജനറൽ മാനേജർ അടക്കം പരമാവധി നാല് പേര് മാത്രം ആവശ്യമുള്ളിടത്താണ് ചെലവ് ചുരുക്കലിന്റെ തമ്പുരാക്കന്മാർ 6 ജനറൽ മാനേജർമാരെ കുത്തി നിറച്ചിരിക്കുന്നത് എന്ന് കൂടി നാം ഈ അവസരത്തിൽ ആശങ്കയോടെ കാണേണ്ടതുണ്ട്. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ മെച്ചപ്പെട്ട സേവനം ലഭിക്കാതെ ഇടപാടുകാർ വ്യാപകമായി നമ്മുടെ ബാങ്കിൽ നിന്നും കൊഴിഞ്ഞു പൊയ്ക്കൊണ്ടിരിക്കുകയാണ്. അത് നിക്ഷേപങ്ങളുടെ തളർച്ചയ്ക്ക് കാരണമാകുന്നു. വായ്പ വർദ്ധിപ്പിക്കാനാവശ്യമായ സാഹചര്യങ്ങളും തുച്ഛമാണ്. ക്ലറിക്കൽ കേഡർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അവസ്ഥ അത്യന്തം ദാരുണമാണ്. വിദൂര സ്ഥലങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നതിന്റെ മുഖ്യ കാരണം നമ്മുടെ ബാങ്കിൽ നിയമനം നടക്കുന്നില്ല എന്നതാണ്. കൃത്യമായ നിയമനം നടക്കുകയാണെങ്കിൽ ഈ ദുരവസ്ഥയ്ക്ക് വലിയൊരളവിൽ പരിഹാരമാവും. എല്ലാം കൂടി ചേർത്ത് പറയുകയാണെങ്കിൽ **ഈ ബാങ്കിനെ സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമാണ് ഈ സമരം. ട്രാൻസ്ഫർ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനു വേണ്ടിയാണ് ഈ സമരം. ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വേണ്ടിയാണ് ഈ സമരം. അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയാണ് ഈ സമരം**. എന്നാൽ മാനേജ്മന്റ് ഭാഗത്തു നിന്നും വന്നിരിക്കുന്നത് ഇതൊന്നും മുഖവിലക്കെടുക്കാതെയുള്ള വെല്ലുവിളിയാണ്. സമര ശേഷി കൈമോശം വന്നു പോകാത്ത ഓരോ ജീവനക്കാരനും ഈ സ്ഥാപനത്തിലെ മുഴുവൻ സംഘടനകളുടെ കൂട്ടായ്മയുടെ തേരിലേറി സമരം നയിച്ച് വിജയം നേടേണ്ട നിർണായക സന്ദർഭമാണിത്. ATM അടക്കമുള്ള വിഷയങ്ങളിൽ ഒച്ചിഴയുന്ന വേഗതയിലുള്ള തീരുമാനങ്ങളും കെടുകാര്യസ്ഥതയും കൊണ്ട് ഇടപാടുകാരെ സ്ഥാപനത്തിൽ നിന്നും ആട്ടിയകറ്റുന്ന മാനേജ്മെന്റ്, നിയമന കാര്യത്തിലും തങ്ങളുടെ കഴിവുകേടിനെ വിവസ്ത്രമാക്കി പ്രദർശനം നടത്തുകയാണ്. ഇത്തരം വൃത്തികേടുകളുടെ മൂകസാക്ഷി ആകാനുള്ളതല്ല സംഘടനാ ശേഷിയും സമരവീര്യവും. നാം പോരാട്ടത്തിന്റെ കാഹളമൂതിക്കഴിഞ്ഞു. Do or Die എന്നതാണ് ചുറ്റും കണ്ണ് തുറിച്ചു നിൽക്കുന്ന വർത്തമാന ചിത്രങ്ങൾ.

**പോരാടുക വിജയം നേടുക. അന്തിമ വിജയം നമ്മുടേതാണ്.**

## അഭിവാദനങ്ങളോടെ.

**ജനറൽ സെക്രട്ടറി**
KGBEU/KGBOU
9895710203

**ജനറൽ സെക്രട്ടറി**
KGBSA/KGBOC
9947660997

**ജനറൽ സെക്രട്ടറി**
KGBEA/KGBOA
9995392084

**ജനറൽ സെക്രട്ടറി**
KGBWO/KGBOO
9985380393